## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1414** **03.12.2015-ൽ മറുപടിക്ക്**

### പെരുമൺ പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) പെരുമൺ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പെരുമൺ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (ബി) ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി), (സി) & (ഡി) തുക വകയിരുത്തിയിട്ടില്ല. ആവശ്യമായ ഭൂമി ലഭ്യമായ ശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) പാലം നിർമ്മാണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ; | |
| (ഡി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ